**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** | **30-06-2022 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണത്തിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതി നൽകി 25.09.2020-ൽ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് കരാറുകാരനുമായി 2.11.2020-ൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള കാലതാമസം കാരണം കരാറുകാരനുമായി Closure Agreeement വയ്ക്കേണ്ടി വന്നു. 11.11.2021 ൽ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി പഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി സ്ഥലം ലഭ്യമായി. 2021 ആഗസ്റ്റ് മാസം DSR 2018 റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് 15.03.2022 ൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ കിഫ്ബി നിഷ്കർഷിക്കുന്ന തിരിച്ചടവിന് കിഫ്ബിയും പഞ്ചായത്തും തമ്മിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുണ്ടെന്ന് പഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ലോൺ തിരിച്ചടവിൽ നിന്നും ഒഴിവാക്കണമെന്ന് പഞ്ചായത്ത് അറിയിക്കുകയും ടി വിവരം കിഫ്ബിയെ അറിയിക്കുകയും ചെയ്തു. ലോൺ തിരിച്ചടവിന് തയ്യാറാകുന്ന മാർക്കറ്റുകളുടെ മാത്രം നിർമ്മാണ പ്രവൃത്തികൾ ഏർപ്പാടാക്കിയാൽ മതിയെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. ആയതിനാൽ, തിരിച്ചടവ് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തും കിഫ്ബിയുമായി ഒരു ധാരണയിൽ എത്തേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാന പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പദ്ധതി കിഫ്ബി ധനസഹായത്താലാണ് നടപ്പാക്കുന്നത്. ആയതിനാൽ തീരുമാനം കിഫ്ബി ആണ് കൈക്കൊള്ളേണ്ടത്. ടി വിഷയം കിഫ്ബിയുമായി ചർച്ച ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത മാർക്കറ്റ് നവീകരണത്തിനായി ഗ്രാമപഞ്ചായത്ത്ഇരുപത് ലക്ഷത്തോളം രൂപ മൂല്യമുള്ള കെട്ടിടങ്ങൾ, വ്യാപാരികളുടെ സ്റ്റാളുകൾ എന്നിവ നീക്കം ചെയ്തിട്ടും , മരങ്ങൾ മുറിച്ചുമാറ്റി നൽകിയിട്ടും തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിവരം ലഭ്യമാക്കാമോ? | (സി) | പദ്ധതി തുകയുടെ തിരിച്ചടവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കിഫ്ബിയുമായി ധാരണയിൽ എത്തുന്ന മുറയ്ക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ